മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോര്, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നം:NREGA/12722/2022/A3 തീയതി : 16-10-2024

വിജ്ഞാപനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസൽ ചുവടെപ്പറയുന്ന തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

1.	തസ്തികയുടെ പേര്	സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ. എഞ്ചിനീയർ
2.	ഒഴിവുകളുടെ എണ്ണം	ഒരു ഒഴിവ്
3.	നിയമന രീതി	അന്യത്ര സേവന വ്യവസ്ഥ മുഖേന
4.	യോഗ്യത	ഇറിഗേഷൻ/ പൊതുമരാമത്ത് (റോഡ്/ബിൽഡിംഗ്) /തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ് വിംഗ്) വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത റാങ്കിൽ ഉള്ള ഉദ്യോഗസ്ഥർ

പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് താല്പര്യമുള്ള ഉദ്യോഗസ്ഥർ കേരള സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 144 പ്രകാരമുള്ള പത്രിക, വകുപ്പ് തലവൻ നൽകുന്ന നൊ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ബയോഡേറ്റ എന്നിവ സഹിതം മാതൃസ്ഥാപനം മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്.

അപേക്ഷകൾ 2024 നവംബർ 15 ന് വൈകിട്ട് 5 മണിക്ക് മുമ്പായി ലഭിക്കത്തക്ക വിധത്തിൽ **'മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, 3-ാം നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം-695033'** എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2313385, 1800 425 1004 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ പകൽ 10.15 മണി മുതൽ 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ,

Signed by
Nizamudeen A Ias
Date: 16-10-2024 16:23:24
MISSION DIRECTOR